നം.ക്യൂ.ഐ.പി(2)/30315/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 02.05.2016

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- മധ്യവേനൽക്കാല അവധിയിൽ ക്ലാസ്സുകൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-

കാലാവസ്ഥ വ്യതിയാനം കാരണം കേരളത്തിൽ ഉഷ്ണതരംഗം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കേരളത്തിലെ സ്കൂളുകളുടെ അവധിക്കാല പ്രവർത്തന സമയത്തെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികളുടെ അവധിക്കാലം അപഹരിച്ചുകൊണ്ട് അടുത്ത വർഷത്തെ പാഠപുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിലേയ്ക്കായി മധ്യവേനൽ അവധിയിൽ ക്ലാസ്സുകൾ നടത്താൻ പാടില്ല. 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് വെക്കേഷൻ ക്ലാസ്സ് നടത്തേണ്ട ആവശ്യമുണ്ടെങ്കിൽ ആയത് എസ്.എം.സി/പി.ടി.എ യുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസറുടെ അനുമതിയോടു കൂടി ആരംഭിക്കേണ്ടതും, ക്ലാസ്സുകളിൽ പങ്കെടുക്കേണ്ട കുട്ടികൾ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 3.00 മണി വരെ യാത്ര ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

സ്കൂൾ കുട്ടികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടതിനാൽ അവധിക്കാല ക്ലാസ്സുകളെ സംബന്ധിച്ച് അതത് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. സ്കൂൾ അധികൃതർ മേൽനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ആഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION THIRUVANANTHAPURAM-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ കേരള
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)

www.ranjithkumarak.blogspot.in